## വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ റ്റി വി, ഐ എ എസ്)

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ്-ജീവനക്കാര്യം- ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

**പരാമർശം:-** 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 827/2021 കേസിലെ 13.7.2021. തീയതിയിലെ വിധിന്യായം.
2. വനിതാ ശിശുവികസന ഡയറക്ടറുടെ 28/07/2021 തിയതിയിലെ WCD/E8/16007/2020 നമ്പർ ഉത്തരവ്.
3. വനിതാ ശിശുവികസന ഡയറക്ടറുടെ 12/07/2021 തിയതിയിലെ WCD/E8/16007/2020 നമ്പർ ഉത്തരവ്
4. വനിതാ ശിശുവികസന ഡയറക്ടറുടെ 15/07/2021 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. WCD/E7/10118/2021, തീയതി: 29 /07/2021**

വനിതാ ശിശുവികസന വകുപ്പിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം (1) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 827/2021, തീയതി 13.7.2021 ഉത്തരവിലെ അന്തിമ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം(3) പ്രകാരം പുറപ്പെടുവിച്ച ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളുടെയുടെ ഫീഡർ കാറ്റഗറി തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്ത് കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം(3) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിനെ ആധാരമാക്കി പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് ടി ഉത്തരവ് തിയതി പ്രാബല്യത്തിൽ റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർ കെയർടേക്കർ(മെയിൽ)/ കെയർടേക്കർ(ഫീമെയിൽ) തസ്തികയിൽ നിന്നും വിടുതൽ ചെയ്ത തിയതി പ്രാബല്യത്തിൽ തിരികെ അതാതു കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ അവർ കെയർടേക്കർ(മെയിൽ)/ കെയർടേക്കർ(ഫീമെയിൽ) തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ എപ്രകാരം സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുമായിരുന്നുവോ അപ്രകാരം സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ച് നൽകേണ്ടതാണ്.

(ഒപ്പ്)
**വനിതാ ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

ഉത്തരവിൻപ്രകാരം

പകർപ്പ്
1. എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐ ടി സെൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ

സൂപ്രണ്ട്